Draft #1 of File AD A1/2/27/2021 Approved by ASSISTANT REGISTRAR I (ADMIN) on 23-Oct-2021 04:07 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം - PFMS (Public Fund Management System) ലെ ജോലികൾ എസ്.സി.-എസ്.ടി. സെല്ലിനെ ഏൽപ്പിച്ചുകൊണ്ടും അസിസ്റ്റന്റിനെ സ്ഥലംമാറ്റി നിയമിച്ചുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 5593/AD A1/2021/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 23.10.2021

---

*പരാമർശം:*-1.ബഹു.വൈസ് ചാൻസിലറുടെ 21.10.2021-ലെ ഉത്തരവോടു കൂടിയ 24.09.2021 തീയതിയിലെ കുറിപ്പ് നം. രജി./01/127/2021

2.കുറിപ്പ് നം. വി.സി./702/2/141/2021, തീയതി 22.10.2021

**ഉത്തരവ്**

സർവ്വകലാശാലയിൽ കേന്ദ്ര ഏജൻസികൾ മുഖേനയുള്ള ഗവേഷണ പ്രൊജക്റ്റുകളുടെ ഫണ്ടുകൾ നിലവിൽ സർവ്വകലാശാല അക്കൗണ്ടിൽ സ്വീകരിച്ച് വൈസ് ചാൻസിലറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ടിനുവേണ്ടിയുള്ള അക്കൗണ്ടിലേക്ക് മാറ്റി നൽകുകയും പ്രൊജക്ടിന് ആവശ്യമായ ചെലവുകൾ ടി അദ്ധ്യാപകർ പ്രസ്തുത അക്കൗണ്ടിൽ നിന്ന് പൂർത്തീകരിച്ച് Utilization Certificate-കൾ സമർപ്പിക്കുകയുമാണ് ചെയ്തുവരുന്നത്.

കേന്ദ്ര ഗവൺമെന്റിന്റെ പുതുക്കിയ ധനവിനിമയ രീതി പ്രകാരം ഇത്തരത്തിലുള്ള എല്ലാ ഫണ്ടുകളും PFMS (Public Fund Management System) മുഖേന ഓരോ പ്രൊജക്ടിനുമായുള്ള പ്രത്യേക അക്കൗണ്ടിലേക്ക് സ്വീകരിക്കേണ്ടതാണ്. ടി അക്കൗണ്ടിൽ നിന്നും PFMS മുഖേന തുക ചെലവഴിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിലുള്ള Utilization Certificate സമർപ്പിക്കേണ്ടതുമാണ്. പ്രസ്തുത സംവിധാനത്തിൽ ഫണ്ടിംഗ് സ്ഥാപനം 'മെയിൻ ഏജൻസി' ആയും സർവ്വകലാശാല ഒരു 'Child Agency' എന്ന നിലയിലുമാണ് പ്രവർത്തിക്കുക. പ്രസ്തുത സംവിധാനത്തിൽ 'Child Agency' ആയ സർവ്വകലാശാലക്ക് മറ്റൊരു Child Agency യെ PFMS സംവിധാനത്തിൽ നിയമിക്കുവാൻ കഴിയുകയില്ല. ആയതിനാൽ ഗവേഷണ പ്രൊജക്ടിന് Child Agency എന്ന നിലയിൽ PFMS മുഖേന പ്രസ്തുത ഗവേഷണ പദ്ധതിക്കായുള്ള അക്കൗണ്ടിൽ ലഭിക്കുന്ന ഗവേഷണ ഫണ്ട്, ശ്രേണിയിൽ താഴെ മറ്റൊരു Child Agency ആയി പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററെ നിയമിച്ച് കൈമാറ്റം ചെയ്യുക അസാദ്ധ്യമാണ്.

ടി സാഹചര്യത്തിൽ സർവ്വകലാശാല നേരിട്ട് തന്നെ ഗവേഷണത്തിന്റെ ഭാഗമായി വരുന്ന ചെലവുകൾ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ സാക്ഷ്യപ്പെടുത്തി സമർപ്പിക്കുന്ന ബില്ലുകളുടെയും, രസീതുകളുടെയും, വൗച്ചറുകളുടെയും, പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററുടെ പ്രൊസീഡിങ്സിന്റെയും അടിസ്ഥാനത്തിൽ PFMS മുഖേന ബന്ധപ്പെട്ട കക്ഷികൾക്ക് Account Transfer ചെയ്ത് നൽകേണ്ടതുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഇത്തരത്തിൽ ഓരോ പ്രൊജക്ടുകൾക്കും പ്രത്യേകം അക്കൗണ്ട് ആരംഭിക്കുകയും പ്രൊജക്ട് ചെലവുകൾ സർവ്വകലാശാല നേരിട്ട് കൈകാര്യം ചെയ്യേണ്ടതുമായ സാഹചര്യം പരിഗണിച്ച്, PFMS (Public Fund Management System) ലെ ജോലികൾ എസ്.സി.-എസ്.ടി. സെല്ലിനെ ഏൽപ്പിച്ചുകൊണ്ടും, ഇത് സംബന്ധമായ ജോലികൾ നിർവ്വഹിക്കുന്നതിന് എഞ്ചിനീയറിംഗ് യൂണിറ്റിലെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ ആയ ശ്രീ.ഹരികൃഷ്ണൻ ബി. (PEN:3144)-യെ എസ്.സി.-എസ്.ടി. സെല്ലിലേക്ക് മാറ്റി നിയമിച്ചുകൊണ്ടും പരാമർശം (1),(2) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.ശ്രീ.ഹരികൃഷ്ണൻ ബി.,അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ/ സെക്ഷൻ ഓഫീസർ-എസ്.സി.-എസ്.ടി. സെൽ

2.വൈസ് ചാൻസിലർ /പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3.രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ

4.ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/പരീക്ഷ/അക്കാദമികം/ധനകാര്യം)

5.പി.ആർ.ഒ./കണ്ടൻറ് മാനേജ്മെൻറ്സെക്ഷൻ/ഐ.ക്യു.എ.സി./സിറ്റാഡ്

6.ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല

7.റെക്കോർഡ്സ് സെക്ഷൻ / യൂണിവേഴ്സിറ്റി വെബ്സൈറ്റ് /സ്റ്റോക്ക് ഫയൽ/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File AD A1/2/27/2021 Approved by ASSISTANT REGISTRAR I (ADMIN) on 23-Oct-2021 04:07 PM - Page 2